# എവുപ്രാസ്യമ്മ ആത്മീയശക്തീകരണത്തിന്റെ പരിവ്രാജിക

ഡോ. ഹേമമാലിനി എം

തൃശ്ശൂർ സെന്റ് മേരീസ് കോളേജ് മലയാള വിഭാഗം അസി. പ്രൊഫസർ. മഹാത്മഗാന്ധി യൂണിവേഴ്സിറ്റിയിൽനിന്നും പാരിസ്ഥിതിക സ്ത്രീവാദം- പി.വൽസലയുടെ നോവലുകളിൽ എന്ന വിഷയത്തിൽ ഡോക്ടറേറ്റ്. ദേശീയ അന്തർദേശീയതലങ്ങളിൽ നിരവധി പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, ആനുകാലികങ്ങളിലും മാസികകളിലും വിമർശനാത്മക രചനകൾ എഴുതിയിട്ടുമുണ്ട്. 'അപരഭാഷ്യങ്ങൾ' എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്. 'വാഗർത്ത പ്രതിപത്തി'യുടെ സബ്ബ് എഡിറ്റർ.

"അനന്തമായ ആകാശത്തെ ഞാൻ പ്രകാശിപ്പിക്കുന്നു. എങ്കിലും എനിക്ക് ഒരു ചെറിയ മഞ്ഞുതുള്ളിക്ക് കീഴടങ്ങുവാൻ സാധിക്കും. സൂര്യൻ പറഞ്ഞു; ഞാൻ ഒരു പ്രകാശബിന്ദുവായി മാറി നിന്നെ നിറയ്ക്കും. നിന്റെ ചെറുജീവിതം ചിരിയുടെ ഒരു വലയമായി ത്തീരും". (ഫലശേഖരണം, ടാഗോർ)

വിശുദ്ധ എവുപ്രാസ്യ ആരായിരുന്നു എന്ന അന്വേഷണ ത്തിൽ, താൻ എന്നും താദാത്മ്യപ്പെടാൻ ആഗ്രഹിച്ച ദൈവം എങ്ങനെയാണ് ഈ സന്യാസിനിയിലേയ്ക്ക് തന്റെ ചൈതന്യത്തെ പ്രസരിപ്പിച്ചത് എന്ന കണ്ടെത്തലാണ് പ്രധാനം. അപ്പോൾ ടാഗോ റിന്റെ സൂര്യനും മഞ്ഞുതുള്ളിയും പ്രസക്തമാകുന്നു. വളരെ കൃശമായ ശരീരത്തിൽ ദർശനമാത്രയിൽ പ്രചോദിതമാകുന്ന തേജോമയമാർന്ന പുഞ്ചിരിയുമായി പ്രത്യക്ഷപ്പെടുന്ന എവുപ്രാസ്യ മ്മയ്ക്കു ജീവിതം മഞ്ഞുതുള്ളിപോലെ നിർമലമായ ഒന്നായിരുന്നു.

ജലത്തലപ്പിൽ നിന്നു ഏതുനിമിഷവും ഇറുന്നുവീഴും പോലെ അനന്തമായ രോഗപീഡകളാൽ ജീവന്റെ നിലനില്പ് സന്നിദ്ധമായിരിക്കുമ്പോഴും ഈശ്വരചൈതന്യത്തിന്റെ നിറവുകൾ, സൂര്യവെളിച്ചം മഞ്ഞുതുള്ളിയിൽ നിറയുന്നപോലെ ആ ജീവിതത്തെ പ്രോജ്ജ്വലമാക്കികൊണ്ടിരുന്നു. പ്രകാശഗോളമായി മാറിയ ആ മഞ്ഞുതുള്ളി ചില്ലകളിലൂടെ ഒഴുകിയിറങ്ങി, അപരന്റെ ആവശ്യങ്ങളിലേക്ക്, സഹനത്തിന്റെ ചില്ലകളിലൂടെയുള്ള ആ ഒഴുകിയിറങ്ങൽ മഞ്ഞുതുള്ളിക്ക് നൂതന ഭാവവും ഭംഗിയും നൽകി. ഒപ്പം മണ്ണിൽ അലിഞ്ഞുചേരാൻ പറ്റിയതിന്റെ നിർവൃതിയും. രോഗപീഡകൾ പരീക്ഷണങ്ങൾ എല്ലാം ഈശ്വര താദാത്മ്യമെന്ന ലക്ഷ്യസാധ്യത്തിലേയ്ക്കുള്ള യാത്രയിലെ ഇടത്താവളങ്ങളാക്കി മാറ്റിക്കൊണ്ട് പരീക്ഷണങ്ങളെ അമ്മ അനുഗ്രഹങ്ങളാക്കി മാറ്റി. യേശുദേവന്റെ വ്രണിതമുഖഛായയയ്ക്കു മറവിൽ അമ്മ തന്റെ ജീവിതത്തെ സംഗ്രഹിച്ചു. മറ്റൊരുതരത്തിൽ ഈ ലക്ഷ്യം എവുപ്രാസ്യയ്ക്കു ഒരു മലകയറ്റമായിരുന്നു. ജീവിതത്തിലുടനീളം അവിരാമമായിത്തുടർന്ന് ഈ പ്രയാണത്തിൽ ലക്ഷ്യമെന്ന ഉച്ചിയെ പ്രാപിക്കാനുള്ള ഓരോ ചുവടുവയ്പും ജാഗരൂകമായിരുന്നു. ജീവിതാനുഭവങ്ങളുടെ നൂലിൽ കോർത്തെടുത്ത പ്രാർത്ഥനയാകുന്ന മുത്തുകൾ അമ്മയുടെ സഹനവഴികൾക്ക് ചാരുത പകർന്നു. സഹനാനുഭവങ്ങളുടെ അടിവാരങ്ങളിലൂടെ ചെങ്കുത്തായ ചരിവുകളിലൂടെ... സുപരിക്ഷിതമായിരുന്നു ആ സഞ്ചാരപഥങ്ങൾ. ജീവിതത്തിലെ പീഢാനുഭവങ്ങളെ ഈ രീതിയിൽ ലക്ഷ്യത്തിലേയ്ക്കുള്ള യാത്രയിലെ പാഥേയങ്ങളാക്കി മാറ്റാം എന്ന പ്രസാദാത്മകമായ പാഠമാണ് എവുപ്രാസ്യമ്മയുടെ ജീവിതം.

ധന്യമായ ഈ ജീവിതത്തെ സ്ത്രൈണ ആത്മീയതയുടെ ഭൂപടത്തിൽ ഏതുവിധത്തിൽ രേഖപ്പെടുത്തുന്നു എന്നതാണ് പ്രസക്തമായ അന്വേഷണം. വിശുദ്ധ യോഹന്നാന്റെ സുവിശേഷം നാലാം അധ്യായത്തിൽ പരാമർശിക്കുന്ന സമരിയക്കാരിയും യേശുദേവനും തമ്മിലുള്ള സംഭാഷണത്തിൽ നിന്നാണ് ഈ ചർച്ച ആരംഭിക്കേണ്ടത്. ആദ്യത്തെ പ്രഘോഷകയാക്കി ആദരിക്കപ്പെടുന്ന സമരിയക്കാരിക്കു ജീവന്റെ ജലം എന്ന സൂചകത്തിലൂടെ ആത്മീയതയുടെ





അറിവുകൾ ഈ സന്ദർഭത്തിൽ യേശുദേവൻ നൽകുന്നു. ഇതിലൂടെ സമരിയാക്കാരിക്കു ആത്മാവബോധം ഈശ്വരനെക്കുറിച്ചുള്ള ആത്മീയ തിരിച്ചറിവുകൾ എന്നിവ ലഭിക്കുന്നു. തുടർന്ന് ഈ അറിവുകളെ സമൂഹത്തിൽ അവർ പ്രാവർത്തികമാക്കുകയും ചെയ്യുന്നു.

സ്ത്രൈണ ആത്മീയത എന്ന സിദ്ധാന്തത്തിന്റെ വിശദീകരണങ്ങളും ഇതിൽ നിന്നു വായിച്ചെടുക്കാം. ആത്മാന്വേഷണം, അലൗകികജ്ഞാനം, സാമൂഹികപ്രതിബദ്ധത എന്നിവയുടെ സമ്യക്കായ സംയോജനമാണ് ഒരു സന്യാസിനിയെ ഉരുവപ്പെടുത്തുന്നത്. ലളിതമായി നിർവചിക്കാവുന്നതും സങ്കീർണമായി മാത്രം പ്രയുക്തമാക്കാവുന്നവയുമാണ് ഇവ മൂന്നും. അനല്പമായ ആത്മീയശക്തീകരണം കൊണ്ടുമാത്രമാണ് ഈ സന്യാസിനീധർമങ്ങളെ സ്വായത്തമാക്കാനാവുക. എവുപ്രാസ്യമ്മയുടെ വിശുദ്ധപദവി ഈ ആത്മീയശക്തീകരണത്തിന്റെ സാക്ഷ്യമായാണ് മനസ്സിലാക്കേണ്ടത്.

എവുപ്രാസ്യമ്മയുടെ ആത്മീയശക്തീകരണത്തിനു പല ഘട്ടങ്ങളുണ്ടെന്നു കാണാം. ഒന്നാമതായി എവുപ്രാസ്യമ്മയ്ക്കു ലഭിച്ച അലൗകീക ദർശനങ്ങളെയാണ് പഠിക്കേണ്ടത്. അത്യപൂർവങ്ങളായ ഈശ്വരക്കാഴ്ചകൾ ചെറുപ്പം മുതലേ ലഭിച്ച അനുഗൃഹീതയായിരുന്നു എവുപ്രാസ്യമ്മ. ഈ ദർശനങ്ങളെയെല്ലാം ഒരു സന്യാസിനീജീവിതത്തിനുവേണ്ട ഈടുവയ്പുകളായി പ്രതിസന്ധികളിൽ പതറാതെ നിൽക്കുവാനുള്ള പിടിവള്ളികളായി അമ്മ മാറ്റുന്നുണ്ട്. 'മാലാഖമാരുടെ രാജസ്ത്രീ എന്നാൽ എന്താണമ്മേ' എന്നു സദ്കഥകൾ പറഞ്ഞുകൊടുക്കുന്ന അമ്മയോട് റോസ ചോദിച്ച ചോദ്യത്തിനു പരിശുദ്ധ അമ്മയാണ് ഉത്തരം നൽകുന്നത്. ആ കാലം മുതലേ റോസയുടെ/ എവുപ്രാസ്യമ്മയുടെ ആധ്യാത്മീകാന്വേഷണങ്ങൾക്കു വെളിപാടുകളും നിലപാടുകളും നൽകിക്കൊണ്ട് പരിശുദ്ധ മാതാവ് കൂടെത്തന്നെയുണ്ട്. സ്വപ്നദർശനങ്ങളിലൂടെ പിന്നീട് പല ഘട്ടങ്ങളിലും അമ്മ എവുപ്രാസ്യമ്മയ്ക്കു പ്രത്യക്ഷയാകുന്നുണ്ട്. തന്റെ ആത്മീയഗുരുവിനെഴുതിയ കത്തുകളിലൂടെയും മറ്റ് അനുഭവ സാക്ഷ്യങ്ങളിലൂടെയും രേഖപ്പെടുത്തിയ ഈ പ്രത്യക്ഷീകരണ ദൃശ്യങ്ങൾ സംവദിക്കുന്ന ചില വസ്തുതകളുണ്ട്. അവ പരിശുദ്ധ

അമ്മയും എവുപ്രസ്യമ്മയും തമ്മിലുള്ള ബന്ധത്തിന്റെ, സംവാദ
ത്തിന്റെ തുടരുകളാണ്. ഉണ്ണിമേരിയായി, അമലോത്ഭവയായി,
താങ്ങാനാകാത്ത പ്രകാശപൂർണിമയായി എല്ലാം പ്രത്യക്ഷപ്പെടുന്ന
ഈ ഓരോ ദർശനവും ഓരോ ഓർമപ്പെടുത്തലാണ്. പീഡനങ്ങൾ
അതിജീവിക്കേണ്ടവയാണെന്നും, സഹനങ്ങൾ ഉത്തരവാദിത്വങ്ങ
ളാണെന്നുമായിരുന്നു ഈ ദർശനങ്ങൾ നൽകിയ പാഠങ്ങൾ. അഥവാ
ഈ പാഠമാണ് ഈ ദർശനങ്ങളിൽനിന്നും എവുപ്രാസ്യമ്മ ആർജി
ച്ചെടുത്തത്. ആർജിച്ചെടുത്ത പാഠങ്ങൾ ജീവിതമാകുന്ന പുസ്തക
ത്താളിൽ ആത്മീയതയുടെ ശൈലിയിൽ അമ്മ കുറിച്ചിട്ടു. ഒരിക്ക
ലും മായാത്ത ഓർമകൾ പോലെ, അമ്മയുടെ ദർശനസ്പന്ദന
ങ്ങൾക്കും മായാത്ത സ്നേഹത്തിന്റെ ലാഞ്ചനയേറ്റിരുന്നു. അങ്ങനെ
തനിക്കു ലഭിച്ച ഓരോ സ്വപ്നദർശനത്തേയും എവുപ്രാസ്യമ്മ തന്റെ
ആത്മീയശക്തീകരണത്തിനുള്ള ഉപാധികളാക്കി മാറ്റുന്നു.

എവുപ്രാസ്യമ്മയ്ക്കു ക്രിസ്തുദർശനങ്ങളും ലഭിച്ചിരുന്നു.
അമ്മക്കാഴ്ചകളിൽ നിന്നു ഏറെ വിഭിന്നമായിരുന്നു ഈ ക്രിസ്തു
ദർശനങ്ങൾ. യേശുവിനെ ഏറ്റവും ക്രൂശിതനായി ദു:ഖിതനായാണ്
എവുപ്രാസ്യമ്മ ദർശിച്ചത്. കുരിശിലേറിയതിനേക്കാൾ പീഡിത
നായി, മുറിവേറ്റ് യേശുദേവൻ വർത്തമാനകാലത്തിൽ എത്ര സഹ
നങ്ങൾ, പാപങ്ങൾ ഏറ്റെടുക്കേണ്ടിവരുന്നു എന്നു എവുപ്രാസ്യമ്മ
യോട് സംവദിച്ചു. ഈ ഓരോ ദർശനങ്ങളിലും എവുപ്രാസ്യമ്മ
ജീവൻ വേറിടുംവണ്ണം വേദനിക്കുന്നുണ്ട്. യേശുദേവൻ ദർശനമാ
ക്കിയ ഇത്തരം പീഡനങ്ങളുടെ ദാരുണക്കാഴ്ചകളെ ഉജ്ജ്വലമായ
ചില മാനങ്ങളിലൂടെയാണ് എവുപ്രാസ്യമ്മ സ്വീകരിക്കുന്നതെന്നു
കാണാം. കാരണം ഈ കാഴ്ചകളിലൂടെ എവുപ്രാസ്യമ്മ തീവ്ര
മായ കാരുണ്യത്തിന്റെയും സഹനത്തിന്റെയും വഴികളിലേയ്ക്ക്
തിരിയുന്നു. ആ വഴികളിലൂടെയുള്ള പദചലനങ്ങൾ അമ്മയുടെ
പാദങ്ങളെ തളർത്തിയില്ല, കർമങ്ങൾ കാരുണ്യത്തിന്റെ വിശാലവീ
ഥികളാക്കി മാറ്റി. അവിടെ തെളിയുന്ന ആത്മീയപ്രകാശത്തിൽ, ധവ
ളമായ സഹനത്തിന്റെ മഹത്വം അമ്മയുടെ മനസിന് കരുത്തു
പകർന്നു. ജീവിതത്തിന്റെ പാതയോരങ്ങളിലെ കെടാവിളക്കുകളായി
തീർത്ത പുണ്യങ്ങളും, കയ്പേറിയ ജീവിതാനുഭവങ്ങളിലെ മാധു





ര്യമായി തീർത്ത പ്രാർഥനകളും ആ സന്യാസിനിയുടെ ഇടവഴിക
ളിൽ റാന്തൽ വെളിച്ചമേകി. കൂടുതൽ അപകടകരങ്ങളായ
രോഗീശുശ്രൂഷകൾ, അനുസരണത്തിന്റെ, വിധേയത്വത്തിന്റെ, താഴ്മ
യുടെ പശ്ചാത്താപത്തിന്റെ, സ്വയംപീഡയുടെ, ഇതരരുടെ പാപ
ങ്ങൾ ഏറ്റെടുക്കലിന്റെ തീക്ഷണമായ ക്രൂശിതമാർഗങ്ങൾ അവൾ
അവലംബിക്കുന്നു. ഈ തരത്തിൽ യേശുദേവൻ നൽകുന്ന ദർശ
നങ്ങളെ സാമൂഹ്യപ്രതിബന്ധതയുടെ യേശുദേവന്റെ മാർഗങ്ങളുടെ
പുനരുജ്ജീവന പദ്ധതികളായി എവുപ്രാസ്യമ്മ കൃത്യമായി തിരി
ച്ചറിയുകയും അവ സാധ്യമാക്കുകയും ചെയ്യുന്നു.

ബലി എന്നാൽ ഒരു തരത്തിലുള്ള നിവേദ്യമാണ്. ഈശ്വ
രനു നൽകുന്ന നിവേദ്യം അഥവാ സമർപ്പണം. മറ്റ് നിവേദ്യങ്ങ
ളിൽനിന്നു ബലിയെ വ്യത്യസ്തമാക്കുന്നത് ബലിയിൽ ത്യാഗ
ത്തിന്റെ അനിഷേധ്യമായ സാന്നിധ്യമുണ്ട് എന്നുള്ളതാണ്. അങ്ങ
നെയെങ്കിൽ ത്യാഗപൂർണമായ ഈശ്വരസമർപ്പണമെന്നു ബലിയെ
വ്യാഖ്യാനിക്കാം. എവുപ്രാസ്യമ്മയുടെ ജീവിതം പരിശുദ്ധ
അമ്മയ്ക്കും യേശുദേവനും നൽകിയ സമർപ്പണം/നിവേദ്യം തന്നെ
യായിരുന്നു. അതു ഒരു ബലിയാക്കിത്തീർക്കുക എന്ന ദുഷ്കര
മായ കൃത്യത്തിലൂടെ അവൾ വീണ്ടും വീണ്ടും തന്റെ ആത്മീയജീ
വിതത്തിന്റെ വ്രതകാഠിന്യവും ആധ്യാത്മീക ശക്തീകരണവും നട
ത്തിക്കൊണ്ടേയിരുന്നു.

എവുപ്രാസ്യമ്മ കന്യകാവ്രതദിക്ഷിയുടെ പരമപ്രധാനമായ
അനുസരണം എന്ന വ്രതത്തെ പാലിക്കുന്നതു ഏതുവിധമാണെ
ന്നുള്ളത് ശ്രദ്ധയമാണ്. അനുസരണം അവർക്കു ആത്മീയ ആനന്ദ
മായിരുന്നു. "കീഴ്‌വഴക്കത്തിന്നടുത്ത പ്രവത്തികൾ ചെയ്യുന്നതിനു
എല്ലായ്പ്പോഴും എന്റെ ഹൃദയത്തിൽ വലിയതായ സന്തോഷവും
തൃപ്തിയുമാകുന്നു" (കത്ത് 21, 1902 ജൂൺ 1). ഏതൊരു സന്യാസി
നിയും നിർബന്ധമായും പാലിക്കേണ്ട ഒന്നാണ് ഈ വ്രതം. പക്ഷേ
മറ്റൊരു സന്യാസിനിയ്ക്കും നേരിടേണ്ടി വന്നിട്ടില്ലാത്ത രീതിയിൽ
അനുസരണം എന്ന വ്രതം എവുപ്രാസ്യമ്മയിൽ വെല്ലുവിളികൾ
ഉയർത്തിയിട്ടുണ്ട്.

തന്റെ ജീവിതാനുഭവങ്ങളെ സദാ എവുപ്രാസ്യമ്മ ആത്മീയ പിതാവുമായി കത്തുമുഖേനയോ നേരിട്ടോ പങ്കുവച്ചിരുന്നു. എന്നാൽ പരിശുദ്ധ അമ്മ കുറച്ചുകാലത്തേയ്ക്കു ഇതു വേണ്ടെന്നു ദർശനത്തിലൂടെ വിലക്കുന്നു. എവുപ്രാസ്യമ്മയ്ക്കു അനുസരണത്തിന്റെ പരിധി, പൊരുൾ അന്വേഷിക്കേണ്ട സന്ദർഭമായി ഇതു മാറുന്നു. തലവന്മാർക്കും ആത്മപിതാവിനും കീഴ്വഴങ്ങാതെ എങ്ങനെ ജീവിക്കും എന്ന വ്യസനത്തിൽ മരിച്ചവളെപ്പോലെയാണത്രേ അന്നു എവുപ്രാസ്യമ്മ ജീവിച്ചത്. അനുസരണം ഇവിടെ പരീക്ഷണമായി മാറുന്നു. മറ്റേതൊരു സന്യാസിനിയും ദൈവാനുഗ്രഹമെന്ന ഉദാത്ത അനുഭവത്തിൽ മാത്രം മതി മറന്നു താത്ക്കാലിക ജീവിതാനുഷ്ഠാനങ്ങളിൽ പാലിക്കേണ്ട സത്യങ്ങളെ മറ്റൊരാലോചന കൂടി നടത്താതെ ഇത്തരം സന്ദർഭങ്ങളിൽ മറന്നുകളയും. എന്നാൽ 'തലവന്മാർക്കു കീഴ്വഴങ്ങുന്നതു എന്റെ കടം' എന്നു കരുതിയ എവുപ്രാസ്യമ്മയ്ക്കു മരണഫലം തരുന്ന ശിക്ഷ തന്നെ സ്വീകരിച്ചാലും തന്റെ ജീവിതകടങ്ങൾ തീർക്കാതെ വയ്യ എന്ന തീരുമാനം പരിശുദ്ധ അമ്മയോട് അറിയിക്കേണ്ടി വരുന്നു. തന്റെ ആത്മബലത്തെ പരീക്ഷിക്കുന്ന ഘട്ടങ്ങളെ എവുപ്രാസ്യമ്മ എങ്ങനെയെല്ലാം അതിജീവിച്ചു എന്നാണ് ഈ അനുഭവങ്ങൾ പ്രത്യക്ഷമാക്കുന്നത്.

ഇതുപോലെയുള്ള ഇതര സന്ദർഭങ്ങളാണ് ദുഷ്ടശക്തികളോട് ഏറ്റുമുട്ടേണ്ടി വരുന്ന അനുഭവങ്ങളുടെ വിവരണത്തിലും കാണാനാകുക. മുകൾ നിലയിൽനിന്നു താഴേക്ക് ഇറക്കിവിടാതെ പൈശാചിക ശക്തികൾ തടഞ്ഞുനിർത്തിയ ദുഷ്കരമായ അനുഭവങ്ങൾ എവുപ്രാസ്യമ്മ നേരിടുന്നുണ്ട്. യേശുദേവന്റെ ദർശനങ്ങളോട് താദാത്മ്യപ്പെടുവാൻ ഏറ്റെടുക്കേണ്ട മഹാദൗത്യങ്ങളെക്കുറിച്ചുള്ള തിരിച്ചറിവിൽ, അതിനു അഭിമുഖീകരിക്കേണ്ട സഹനങ്ങളെക്കുറിച്ചുള്ള മുന്നറിവിൽ ജാഗ്രതയോടെ സ്വശരീരത്തിൽ നടത്തുന്ന സജ്ജീകരണങ്ങളായി ഈ ആക്രമണങ്ങളേയും പ്രതിരോധങ്ങളേയും വായിച്ചെടുക്കാം. ആത്മശക്തീകരണത്തിനു മനസ്സും ശരീരവും സജ്ജമാകുന്ന അത്യപൂർവ്വ അനുഭവസാക്ഷ്യങ്ങളാണിവ. സ്വശരീരത്തെ





യേശുദേവന്റെ ശ്രീകോവിലായി രൂപപ്പെടുത്തണം എന്നുള്ള അമ്മയുടെ അഭിവാഞ്ചയെ, സഹനത്തിന്റെ മാധുര്യവും ദർശനങ്ങളുടെ സ്പർശനവും സഫലമാക്കി, യേശുദേവൻ സമ്മാനിച്ച സ്പർശനങ്ങളും ദർശനങ്ങളും ആ മഞ്ഞുതുള്ളിയെ കറകളഞ്ഞ മുത്തായി രൂപാന്തരപ്പെടുത്തി. ഇങ്ങനെ ധ്യാനത്തിലൂടെ, സഹനത്തിലൂടെ സ്വയം ശക്തീകരിച്ച് സന്യാസിനീധർമ്മം ഏറ്റവും ഉത്കൃഷ്ടവും ഉദാത്തവുമായ രീതിയിൽ എവുപ്രാസ്യമ്മ സാക്ഷാത്കരിക്കുന്നു. ഇന്നു വിശുദ്ധ എവുപ്രാസ്യമ്മ മധ്യസ്ഥയാണ്. പ്രാർത്ഥനയുടെ, അനുഗ്രഹത്തിന്റെ, ദൈവകാരുണ്യത്തിന്റെ മധ്യസ്ഥ. ഒരു വിശുദ്ധ ഈ ഭൂമിയിൽ ജീവിച്ചതിനു എന്താണ് സാക്ഷ്യങ്ങൾ? മരിച്ചാലും മറക്കില്ലെന്ന ഹൃദ്യമായ അരുളുകൾ. പ്രളയത്തിനു ശേഷം ദൈവം മനുഷ്യനു നൽകിയ വാഗ്ദാനം പോലെ എല്ലാ വിശ്വാസികൾക്കും ഈ വാക്കുകൾ തങ്ങളുടെ ഹൃദയാകാശങ്ങളിലെ മഴവിൽ ദർശനങ്ങളാകുന്നു.

> പേശിബലം അനുസരിച്ചാണ് ശക്തി
> അളക്കുന്നതെങ്കിൽ സ്ത്രീകൾ അബലകളാണ്.
> എന്നാൽ, ധാർമ്മികശക്തിയാണ് അതിന്റെ അളവുകോൽ
> എങ്കിൽ എന്നും സ്ത്രീകൾ തന്നെയാണ്
> പുരുഷന്മാരെക്കാൾ ശക്തർ
>
> **ഗാന്ധിജി**